സാമൂഹ്യക്ഷേമ വകുപ്പിലെ പ്രൊമോഷൻ

39 (612) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരേ കാലയളവിൽ സാമൂഹ്യക്ഷേമ വകുപ്പിൽ നിയമിതരായ എൽ. ഡി. സി. ക്കും, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്കും 10 വർഷത്തിനുള്ളിൽ എത്ര പ്രൊമോഷൻ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) എൽ.ഡി.സി.യെക്കാൾ ഉയർന്ന ശമ്പളമുണ്ടായിരുന്ന സൂപ്പർ വൈസർമാരുടെ മുകളിൽ വരത്തക്കവിധം സാമൂഹ്യക്ഷേമ വകുപ്പിലെ എൽ.ഡി.സി.യുടെ പ്രൊമോഷൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) സൂപ്പർവൈസർമാർക്ക് പ്രൊമോഷൻ ഇല്ലാതിരിക്കുമ്പോൾ എൽ.ഡി.സിക്ക് പെട്ടെന്ന് പ്രൊമോഷൻ ലഭിക്കുന്നത് സൂപ്പർവൈസർമാരുടെ അർഹമായ പ്രൊമോഷൻ സാധ്യതയെ പ്രതികൂലമായി ബാധിക്കുമെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരേ കാലയളവിൽ സാമൂഹ്യക്ഷേമ വകുപ്പിൽ നിയമിതരായ എൽ.ഡി.സി.ക്കും സൂപ്പർവൈസർമാർക്കും 10 വർഷത്തിനുള്ളിൽ ഓരോ പ്രൊമോഷൻ ലഭിക്കുന്നുണ്ട്.

(ബി) എൽ.ഡി.സി.യെക്കാൾ ഉയർന്ന ശമ്പളമുണ്ടായിരുന്ന സൂപ്പർ വൈസർമാരുടെ മുകളിൽ വരത്തക്കവിധം സാമൂഹ്യക്ഷേമ വകുപ്പിൽ എൽ.ഡി.സി.യുടെ പ്രൊമോഷൻ വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) ഇല്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ റാങ്ക് ലിസ്റ്റ്

40 (613) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) ഇതിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് പറയാമോ ;

(സി) ഈ തസ്തികയിൽ പ്രൊമോഷൻ നിയമനം നടത്താറുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) സൂപ്പർവൈസർ തസ്തികയിലുള്ള ഒഴിവുകളെല്ലാം അടിയന്തിരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) 275 പേർക്കു നിയമനം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 3-7-99-ലെ ജി.ഒ.(പി)28/99/സാ.ക്ഷേ.വ പ്രകാരം സൂപ്പർവൈസർ തസ്തികയിൽ 3-7-99 ന് ശേഷമുണ്ടാകുന്ന ഒഴിവുകൾക്ക് 2:1:1 എന്ന നിരക്കിൽ നേരിട്ട് നിയമനത്തിലുള്ള ഉദ്യോഗാർത്ഥികൾക്കും അംഗനവാടി വർക്കർമാരിൽ നിന്നും നേരിട്ടുള്ള നിയമനത്തിനും മറ്റ് ഫീഡർ കാറ്റഗറികളിൽ നിന്നുള്ള പ്രൊമോഷനുമായി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ആദ്യത്തെ ഒഴിവ് ഫീഡർ കാറ്റഗറിയിൽ നിന്നുള്ള പ്രൊമോഷനും രണ്ടാമത്തെ ഒഴിവ് അംഗനവാടി വർക്കർമാരിൽ നിന്നുള്ള നേരിട്ടുള്ള നിയമനത്തിനു വേണ്ടിയും മൂന്നാമത്തെയും നാലാമത്തെയും ഒഴിവുകൾ ജനറൽ ഉദ്യോഗാർത്ഥികൾക്കു വേണ്ടിയും സംവരണം ചെയ്തിട്ടുണ്ട്. അംഗനവാടി വർക്കർമാരിൽ നിന്നും നേരിട്ടുള്ള നിയമനത്തിന് പത്ത് വർഷത്തെ സേവന പരിചയം ആവശ്യമാണ്. ഉയർന്ന പ്രായപരിധി 50 വയസ്സാണ്.

(ഇ) ഐ.സി.ഡി.എസ്. പ്രോജക്ടുകൾ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് നിലവിലുള്ള ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തു വരുന്നു. ഇപ്പോൾ 142 ഒഴിവുകൾ ജനറൽ ഉദ്യോഗാർത്ഥികൾക്കു വേണ്ടിയും 76 ഒഴിവുകൾ അംഗൻവാടി വർക്കർമാരിൽ നിന്നുള്ള നേരിട്ടുള്ള നിയമനത്തിന് വേണ്ടിയും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിലെ സൂപ്പർവൈസർ ഒഴിവുകൾ

41 (614) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ സൂപ്പർവൈസർമാരെ തെരഞ്ഞെടുക്കുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്നു വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച സൂപ്പർവൈസർമാർ ജോലിനോക്കുന്നുണ്ടോ ; എങ്കിൽ എത്ര പേർ ജോലി നോക്കുന്നു ; ഇവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സൂപ്പർവൈസർമ്മാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട് ; എങ്കിൽ എത്ര ; ഈ ഒഴിവുകൾ നികത്തുന്നതിന് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly